CC 01 22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

## ഹർജി നമ്പർ CP No. 50(6)/2021/*എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നം.1687/*എസ്.ഐ.സി-ജി 5/2021*

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 23.12.2021**

ശ്രീ. സുനിൽകുമാർ. സി,
TC 2/384, DGRA-24,
ഡോക്ടേഴ്സ് ഗാർഡൻസ്,
ഉള്ളൂർ, മെഡിക്കൽ കോളേജ് പി.ഒ,
തിരുവനന്തപുരം – 695 011. } പരാതി ഹർജിക്കാരൻ

Vs.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സ്പെഷ്യൽ തഹസീൽദാർ,
എൽ.എ (അന്താരാഷ്ട്ര വിമാനത്താവളം)
സിവിൽ സ്റ്റേഷൻ, തിരുവനന്തപുരം – 43. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 14/10/2020, |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 29/01/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19/02/2021, 28/09/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 22/10/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 17/12/2021<br>കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | <br>ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. സുനിൽകുമാർ. സി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി നാളിതുവരെ യാതൊരു മറുപടിയും നൽകിയി ല്ലെന്നും ടിയാൻ എതിർകക്ഷി ഓഫീസിൽ നേരിട്ടും ഫോൺ മുഖേനയും ബന്ധ പ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ലെന്നും മറുപടി ലഭ്യമാക്കാത്തവർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാ ക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ 14.10.2020 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) അന്താരാഷ്ട്ര വിമാനത്താവളം പൊന്നുംവില സ്പെഷ്യൽ തഹ സീൽദാർ ഓഫീസിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ മറ്റ് ഓഫീസു കളിൽ 2016 മുതൽ ജോലി നോക്കിയിരുന്ന ജീവനക്കാരുടെ 2020 ഒക്ടോബർ മാസം വരെയുള്ളവരുടെ പേര്, തസ്തിക, ഏത് ഓഫീസിൽ ജോലി നോക്കിയി രുന്നു എന്നും അതിന്റെ കാലയളവും

2) ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി നോക്കിയിരുന്ന ജീവന ക്കാർക്ക് (2016 കാലയളവു മുതൽ 2020 ഒക്ടോബർ മാസം വരെ) പ്രസ്തുത കാലയളവിൽ അതാതുമാസം നൽകിയിരുന്ന ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ പകർപ്പും

3) ടി ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. സുനിൽകുമാർ സി. ഏതു കാലയളവു മുതലാണ് മറ്റ് ഓഫീസുകളിൽ ജോലി ക്രമീകരണ വ്യവസ്ഥ യിൽ ജോലി നോക്കി വരുന്നതെന്നും ഓഫീസിന്റെ വിവരവും അതിന്റെ കാലയ ളവ് എന്നിങ്ങനെ 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. പരാതി ഹർജിക്കാരന്റെ 14.10.2020 ലെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല.

4. ഒന്നാം എതിർകക്ഷി 21.10.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, എതിർകക്ഷി ഓഫീസിൽ ആകെ യുള്ളത് 25 ജീവനക്കാരാണെന്നും അതിൽ 13 ജീവനക്കാർ ജോലിക്രമീകരണ

വ്യവസ്ഥയിൽ മറ്റ് കാര്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുകയാണെന്നും 2 തസ്തികകളിൽ ഒഴിവുകളുണ്ടായിരുന്നെന്നും ബാക്കിയുള്ള 10 ജീവനക്കാരിൽ ക്ലാർക്ക് തസ്തികയിൽ 2 ജീവനക്കാരാണ് ഉള്ളതെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020 ലെ പൊതു തിരഞ്ഞെടുപ്പിൽ കരകുളം ഗ്രാമപഞ്ചായത്ത് റിട്ടേണിംഗ് ഓഫീസറും തുടർന്ന് 2021 ൽ നടന്ന കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ വട്ടിയൂർക്കാവ് നിയോജകമണ്ഡലം അസി. റിട്ടേണിംഗ് ഓഫീസറും ടി കാര്യാലയത്തിലെ സ്പെഷ്യൽ തഹസീൽദാർ ആയിരുന്നെന്നും തിരഞ്ഞെടുപ്പുകളുടെ ഇലക്ഷൻ ക്ലർക്ക് എ1 സീറ്റ് ക്ലാർക്കായിരുന്നെന്നുമാണ്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 28.08.2020 ലെ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയതിനെ തുടർന്ന്, തിരഞ്ഞെടുപ്പ് സംബന്ധമായി പ്രരംഭ ജോലികളിൽ വ്യാപൃതമായിരിക്കുമ്പോഴാണ് പരാതിക്കാരൻ 14.10.2020 ൽ വിവരാവകാശ അപേക്ഷ നൽകിയതെന്നും തിരഞ്ഞെടുപ്പ് ജോലികൾക്കിടയിലും ടിയാന്റെ അപേക്ഷയ്ക്ക് 11.11.2020 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ 2021 ജനുവരി വരെ നീണ്ടു നിന്നെന്നും ഇതിനിടയിൽ ഒരിക്കൽ പേലും പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചിട്ടില്ല എന്ന വിവരം ടിയാൻ ടി കാര്യാലയത്തിൽ നേരിട്ടോ അല്ലാതെയോ അറിയിച്ചിട്ടില്ലാ എന്നും ഇതിനെതിരെ ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടില്ലാത്തതുമാണെന്നും 2021 ൽ ഇൻകം ടാക്സ് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാൻ ടിയാൻ നേരിട്ട് ഓഫീസിൽ ഹാജരായപ്പോൾ മാത്രമാണ് ടിയാന് മറുപടി ലഭിച്ചിട്ടില്ല എന്ന വിവരം അറിയുന്നതെന്നും തുടർന്ന് ടിയാന് 11.11.2020 ലെ മറുപടിയുടെ പകർപ്പ് സാക്ഷ്യപ്പെടുത്തി 12.03.2021 ൽ നൽകിയെന്നും പരാതിക്കാരന് 11.11.2020 ൽ നൽകിയ മറുപടി കത്തിലെ തീയതി 11.11.2021 എന്ന് വന്നിട്ടുള്ളത് ടൈപ്പിംഗിൽ വന്നിട്ടുള്ള പിശകാണെന്നും ശരിയായ തീയതി 11.11.2020 തന്നെയാണെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. കൂടാതെ ടിയാൻ 94/- രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി ചെല്ലാൻ സമർപ്പിച്ചതിനെ തുടർന്ന് ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ സാക്ഷ്യപ്പെടുത്തി ടിയാന്റെ അപേക്ഷയിലുള്ള മേൽവിലാസത്തിൽ 08.06.2021 ൽ അയച്ചിട്ടുള്ളതായും റിപ്പോർട്ടിൽ പറയുന്നു. ആയത് തെളിയിക്കുന്നതിന് ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ്, പോസ്റ്റ് ഓഫീസിൽ നിന്നും ലഭിച്ച

രസീത് എന്നിവയുടെ പകർപ്പ് റിപ്പോർട്ടിനൊപ്പം ഉൾക്കൊള്ളിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല എന്നാരോപിച്ചാണ് ടിയാൻ കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചതായി കാണുന്നത്. 17.12.2021 ൽ കമ്മീഷൻ നടത്തിയ നേരിട്ടുള്ള ഹിയറിംഗിൽ എതിർകക്ഷി പങ്കെടുത്ത് മൊഴി നൽകിയിട്ടുള്ളതാണ്. പരാതി ഹർജിക്കാരൻ ഹിയറിംഗിൽ പങ്കെടുക്കുകയോ, പങ്കെടുക്കാതിരുന്നതിനുള്ള കാരണം അറിയിക്കുകയോ ചെയ്തിട്ടില്ല. വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാകാതിരിക്കുകയോ ലഭ്യമായ മറുപടി തൃപ്തികരം അല്ലെങ്കിലോ പരാതി ഹർജിക്കാരന് ആയതിന് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ ടിയാൻ നേരിട്ട് സംസ്ഥാന വിവരാവകാശ കമ്മീഷനിൽ പരാതി സമർപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. പരാതിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളുടെ പകർപ്പുകളും നൽകിയിട്ടുള്ളതാണെന്നാണ് എതിർകക്ഷി 21.10.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലും ടിയാന്റെ ഹിയറിംഗ് സമയത്തെ മൊഴിയിലും പറയുന്നത്. ആയത് തെളിയിക്കുന്നതിന് ടിയാൻ ഡെസ്പ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും പോസ്റ്റ് ഓഫീസിൽ നിന്നും ലഭിച്ച രസീതും കമ്മീഷനിൽ ഹാജരാക്കിയിട്ടുള്ളതും ആയത് കമ്മീഷന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ എതിർകക്ഷി ലഭ്യമാക്കി എന്ന ടിയാന്റെ മൊഴിയുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ല എന്ന് വിലയിരുത്തി ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 23-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ.എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION

INFORMATION COMMISSION THIRUVANANTHAPURAM